# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 578 — 28/09/2016-ൽ മറുപടിയ്ക്ക്

### മരങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.മമ്മൂട്ടി | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) സ്ഥലലഭ്യമായ വഴിയോരങ്ങൾ, സർക്കാർ/അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ പരിസരങ്ങളിൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി നിലവിലുണ്ടോ ; | (എ) സ്ഥലലഭ്യമായ വഴിയോരങ്ങൾ, സർക്കാർ/അർദ്ധ സർക്കാർ പൊതു മേഖലാ സ്ഥാപനങ്ങളുടെ പരി സരങ്ങൾ എന്നിവിടങ്ങളിൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി നിലവിലുണ്ട്. |
| ബി) എങ്കിൽ അങ്ങനെ വച്ചുപിടിപ്പിക്കുന്ന മരങ്ങൾ സംരക്ഷിക്കുന്നതിന് അതാത് സ്ഥാപനങ്ങളിൽ എന്തെങ്കിലും സംവിധാനം ഏർപ്പെ ടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ; | (ബി) മേൽ പദ്ധതി പ്രകാരം ലഭ്യമായ വഴിയോരങ്ങളിൽ വനം വകുപ്പ് നേരിട്ട് തൈകൾ വച്ചുപിടിപ്പിച്ച്, ആവശ്യമുള്ള സ്ഥലങ്ങളിൽ ചുറ്റുവേലി നിർമ്മിച്ച് തൈകളെ സംരക്ഷിച്ചുവരുന്നു. സർക്കാർ/അർദ്ധ സർക്കാർ പൊതു മേഖലാ സ്ഥാപനങ്ങളുടെ പരി സരങ്ങളിൽ വച്ചുപിടിപ്പിക്കുന്ന തൈകൾ സംരക്ഷിക്കുന്നതിന് അതത് സ്ഥാപന ങ്ങളുമായി സഹകരിച്ച് നടപടികൾ സ്വീകരിക്കുകയും തൈകളുടെ അതിജീവനക്കണക്ക് പരിശോധി ക്കുകയും അവ സംരക്ഷിക്കുന്നതിന് പൊതു ജനങ്ങളെ ബോധവൽക്കരി ക്കുകയും ചെയ്യുന്നു. |
| സി) ഈ പദ്ധതി പ്രകാരം എത്ര മരങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട് ? | (സി) ഈ പദ്ധതി പ്രകാരം ആകെ 6,35,836 തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്; ഇതിനായി 170,89,631 രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ